കോടതികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

44 (755) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോടതികളിൽ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളിലേക്കും ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സബോർഡിനേറ്റ് കോടതികളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ അപ്പപ്പോൾ തന്നെ പി.എസ്.സി/എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്ത് അവരുടെ ഉപദേശപ്രകാരം ഉടൻതന്നെ നികത്തുന്നതിന് വേണ്ട നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയെ വധിക്കുന്നതിനു നടന്ന ഗൂഡാലോചന

45 (756) ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ജോർജ്. ജെ. മാത്യു : താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന മുഖ്യമന്ത്രിയെ വധിക്കുവാനുള്ള ഗൂഡാലോചന നടത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ?

ഉത്തരം

ഉണ്ട്. ''മജിലിസ് തക്ബിയത്തുൽ മുസ്ലിമീർ'' എന്ന സംഘടനയിലെ എട്ടുപേർ ചേർന്ന് ഗൂഡാലോചന നടത്തിയ സംഭവം ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 478/99 ആയി 12.8.99-ന് കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു. 3 പ്രതികളെ അറസ്റ്റു ചെയ്തു. രണ്ടു പ്രതികൾ കോടതിയിൽ നേരിട്ട് കീഴടങ്ങി.

ലാത്തിചാർജ്ജുകളും വെടിവയ്പ്പുകളും

46 (757) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ലാത്തിച്ചാർജ്ജുകളും വെടിവയ്പ്പുകളും ഉണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പരിക്കുപറ്റുകയോ എത്ര പേർ മരിക്കുകയോ ചെയ്തു?

ഉത്തരം

(എ)-(ബി) 9 ലാത്തിച്ചാർജ്ജുകളും 17 വെടിവയ്പ്പുകളും ഉണ്ടായിട്ടുണ്ട്. ലാത്തിച്ചാർജ്ജിൽ 106 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. വെടിവയ്പ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കെങ്കിലും പരിക്കേൽക്കുകയോ, ജീവഹാനി സംഭവിക്കുകയോ ഉണ്ടായിട്ടില്ല.

കസ്റ്റഡി മരണങ്ങൾ

47 (758) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര പേർ പോലീസ് കസ്റ്റഡിയിൽ എടുത്തശേഷം മരണപ്പെടുകയുണ്ടായി;

(ബി) മരണ കാരണങ്ങൾ എന്തെല്ലാം;

(സി) പോലീസ് മർദ്ദനം മൂലം എത്ര പേർ കൊല്ലപ്പെടുകയുണ്ടായി;

(ഡി) ഉത്തരവാദികളായ പോലീസുകാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്നു വിശദമാക്കുമോ?

ഉത്തരം

(എ) മോഹനൻ, ശ്രീനിവാസൻ, ഡോ. അമീർ അലി എന്നീ മൂന്നു പേർ മരണമടഞ്ഞിട്ടുണ്ട്.

(ബി) 1. മോഹനന്റെ മരണകാരണം അയാളുടെ കുടലിനുണ്ടായിരുന്ന അസുഖവും കുടലിനേറ്റ ക്ഷതവുമാണെന്ന് ഫോറൻസിക് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

2. ശ്രീനിവാസന്റെ മരണകാരണം ഹൃദയാഘാതമാണെന്നാണ് പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

3. ഡോക്ടർ അമീർ അലിയുടെ മരണ കാരണം സ്ഥിരീകരിക്കാൻ ആന്തരാവയവങ്ങൾ രാസപരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്.

(സി) പോലീസ് മർദ്ദനംമൂലം ആരും കൊല്ലപ്പെട്ടതായി ഇതുവരെയുള്ള അന്വേഷണത്തിൽ സ്ഥിരീകരിച്ചിട്ടില്ല.

(ഡി)-(ഇ) മുകളിൽ (സി) ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കുഞ്ഞിക്കണ്ണന്റെ കൊലപാതകം

48 (759) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ ആദ്യം കണ്ണൂരിൽ കൊലചെയ്യപ്പെട്ട കുഞ്ഞിക്കണ്ണന്റെ കൊലപാതകികളിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കൊലപാതകവുമായി ബന്ധപ്പെട്ട് ഇനി എത്രപേരെ അറസ്റ്റ് ചെയ്യാനുണ്ട്; കൊലപാതകികൾക്കുള്ള തെരച്ചിൽ ശക്തിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly